

അച്ചാമാ വർഗീസ്



സിന്ധുവിന്റെ അമ്മ സരസ്വതി



സിന്ധുവിന്റെ മകൾ സിമി

# മരീചികയായ ജീവിതസ്വപ്നങ്ങൾ

**ഗൾഫ്മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണങ്ങളും പീഡനങ്ങളും തുടർക്കഥയാകുമ്പോൾ രക്ഷയ്ക്കെത്തേണ്ട നിയമ സംവിധാനങ്ങൾ നിർജീവമാക്കപ്പെടുന്നു. അതിജീവനത്തിന് തൊഴിൽതേടി വിദേശങ്ങളിലെത്തുന്ന സ്ത്രീകൾക്ക് എന്ത് സംഭവിക്കുന്നു?**

റെജിമോൻ കെ.

മലയാളിയുടെ സ്വപ്നഭൂമിയാണ് ഗൾഫ്, അന്നും എന്നും. കുടുംബത്തിന്റെ ശോഭനമായ ഭാവി ലക്ഷ്യമിട്ട് സാമ്പത്തിക ലക്ഷ്യത്തോടെ മാത്രമാണ് മലയാളികളിൽ ഭൂരിഭാഗവും പ്രവാസജീവിതം തെരഞ്ഞെടുക്കുന്നത്. പക്ഷേ, ഈ തെരഞ്ഞെടുപ്പിൽ വിജയികളുടെ കണക്കുകൾ മാത്രമാണ് നാം കേൾക്കുന്നത്. എവിടെയും വിജയികൾക്കാണ് സ്ഥാനം എന്നതിനാൽ പരാജിതരുടെ കഥകൾ അപ്രസക്തമാണ്. വിജയികളുടെ എണ്ണത്തെക്കാൾ പതിന്മടങ്ങുവരും പരാജിതരുടെ എണ്ണം എന്നത് ഈ മേഖലയിലെ ചൂഷണത്തിന്റേയും തട്ടിപ്പുകളുടേയും ചരിത്രമാണ്.

ഗൾഫ് സ്വപ്നം പരാജയപ്പെട്ടതിലൂടെ തകർന്ന നിരവധി കുടുംബങ്ങൾ കേരളത്തിലുണ്ട്. തട്ടിപ്പ് തിരിച്ചറിഞ്ഞ് നല്ലൊരു ജോലി തെരഞ്ഞെടുത്ത് ഗൾഫിലേക്കു പോകുക എന്നതു പ്രയാസമേറിയ കാര്യമാണ്. എന്നാൽ അതിലേറെ പ്രയാസമാണ്, അവിടെയെത്തി നല്ല ജോലിയല്ലെന്നും ചതിക്കപ്പെട്ടെന്നും തിരിച്ചറിഞ്ഞശേഷം സ്വന്തം രാജ്യത്തേക്ക് മടങ്ങാനുള്ള ശ്രമം. പുറംനാട്ടിലെ ജോലിക്കായി ആളുകളെ റിക്രൂട്ട് ചെയ്യുമ്പോൾ കൃത്യമായ ജോലിയും ശരിയായ ശമ്പളവും തൊഴിൽസാഹചര്യങ്ങളും വെളിപ്പെടുത്താതെ വഞ്ചിക്കപ്പെടുന്നവരും മണലാരണ്യങ്ങളിൽ കഷ്ടപ്പെടേണ്ടി വരുന്നവരുടെ എണ്ണത്തിൽ ഇന്നും കുറവു വന്നിട്ടില്ല.

## മണൽപ്പരപ്പിലെ ദുരിതകാലം

ശക്തമായ നിയമസംവിധാനങ്ങളുണ്ടെങ്കിലും ഇതെല്ലാം ആവർത്തിക്കുന്നു. വീട്ടുജോലിക്കായി ഗൾഫ് നാടുകളിലേക്കു പോകുന്നവർക്ക് ഏൽക്കേണ്ടിവന്നിട്ടുള്ള പീഡനകഥകൾ കേൾക്കാത്ത മലയാളി ഉണ്ടാകില്ല. അതു പഴയകാലത്തെ മാത്രം കഥയല്ല, ഇന്നും തുടരുന്ന യാഥാർത്ഥ്യമാണ്.

“ഞാനൊരിക്കൽ കസേരയിലിരുന്നു ഭക്ഷണം കഴിക്കുകയായിരുന്നു. അവരെന്നെ വിളിച്ചത് ഞാൻ കേട്ടില്ല. ഇതിനിടെ ക്ഷമ നശിച്ച അവരിലൊരാൾ എന്റെയടുക്കലേക്ക് വന്നു, കൈകൊണ്ട് എന്റെ തലയ്ക്കടിച്ചു, തൊഴിച്ചു. ഞാൻ താഴെവീണുപോയി.’’

സൗദിയിലെ അബയിലെ അസിർ എന്ന സ്ഥലത്ത് വീട്ടുജോലിക്കായി എത്തിയ ആറ്റിങ്ങൽ സ്വദേശി സിന്ധു പ്രസന്നയുടെ അനുഭവമാണിത്.

അധികൃതരുടെയും പ്രാദേശിക സംഘടനയുടെയും പരിശ്രമത്തെ തുടർന്നാണ് ജീവനോടെ സ്വന്തം നാട്ടിലേക്കു തിരിച്ചെത്താനെങ്കിലും പ്രസന്നയ്ക്കായത്.

“ജോലി ചെയ്തിരുന്ന വീട്ടിലെ ഭർത്താവും ഭാര്യയും ചെറിയ കാര്യങ്ങൾക്കുപോലും സ്ഥിരമായി മർദ്ദിക്കും. ദിവസവും പുലർച്ചെ നാല് മണിമുതൽ രാത്രി പതിനൊന്നു വരെ ഏകദേശം പത്തൊമ്പതു മണിക്കൂറോളം ജോലി ചെയ്യിക്കും. പഴകിയ ഭക്ഷണസാധനങ്ങൾ മാത്രമാണ് കഴിക്കാൻ നൽകുക’’ പ്രസന്ന ഓർക്കുന്നു.

ഇങ്ങനെ ആറുമാസം ജോലി ചെയ്തിട്ടും പ്രതീക്ഷയോടെ കാത്തിരുന്ന കുടുംബത്തിനു മുന്നിലേക്ക് ഒരു ചില്ലിക്കാശുപോലുമില്ലാതെയാണ് പ്രസന്നയ്ക്കു മടങ്ങിവരേണ്ടിവന്നത്. അയൽവാസി പരിചയപ്പെടുത്തിയ അനൗദ്യോഗിക ഏജന്റ് വഴിയാണ് പ്രസന്ന ഗൾഫിലേക്കു പോയത്. ഔദ്യോഗികതൊഴിൽ സംവിധാനങ്ങളെക്കുറിച്ച് യാതൊരു അറിവുമില്ലായിരുന്ന പ്രസന്ന ഏജന്റിനെ വിശ്വസിക്കുകയായിരുന്നു. ആറുമാസത്തെ നരകതുല്യമായ ഗൾഫ് ജീവിതത്തിനു ശേഷം തിരിച്ചെത്തി, തന്നെ ചതിച്ച പ്രാദേശിക ഏജന്റിനെതിരെ പ്രസന്ന പൊലീസിൽ പരാതി നൽകി.

90 ദിവസത്തെ മാത്രം വിസ കൊടുത്ത് പ്രസന്നയെ ആദ്യം ദുബായിലേക്കും അവിടെനിന്നാണ് അബ്ഹയിലേക്കും കൊണ്ടുപോയത്. പ്രസന്നയെ കാണാനില്ലെന്ന് ഒരു സാമൂഹിക സംഘടന പരാതി നൽകിയതിനെ തുടർന്ന് ഈ മാർച്ചിലാണ് പ്രസന്ന നാട്ടിൽ തിരിച്ചെത്തുന്നത്. ഇത്തരത്തിൽ 2016-ൽ മാത്രം 86 മിസിങ് കേസുകൾ കൈകാര്യം ചെയ്തിട്ടുണ്ടെന്ന് സെന്റർ ഫോർ ഇന്ത്യൻ മൈഗ്രേഷൻ സ്റ്റഡീസ് ഡയറക്ടർ റഫീക് റാവുത്തർ വ്യക്തമാക്കുന്നു. ഈ 86 കേസുകളിൽ പത്തെണ്ണം ദുരൂഹ സംഭവമായി തുടരുകയാണ്. ബാക്കിയുള്ളവരെ ഇന്ത്യൻ എംബസിയുടേയും സാമൂഹ്യപ്രവർത്തകരുടേയും സഹായത്തോടെ നാട്ടിലെത്തിച്ചതായി റാവുത്തർ പറയുന്നു.

പ്രസന്നയ്ക്കുണ്ടായ അതേ അനുഭവമാണ് നാൽപ്പത്തിയേഴുകാരിയായ സുശീലാമ്മ ആചാരിയുടേതും. കുടുംബത്തെ സാമ്പത്തികമായി രക്ഷപ്പെടുത്തുകയെന്ന ഉത്തരവാദിത്വം ഏറ്റെടുത്ത് 2015-ലാണ് ഒരു അനൗദ്യോഗിക ഏജന്റ് മുഖാന്തരം ഇടുക്കിയിൽ നിന്നും സുശീലാമ്മ സൗദിയിലേക്ക് പോയത്.

“ഗൾഫിൽ എന്റെ ആദ്യത്തെ ജോലിയായിരുന്നു. ഏറെ വെല്ലുവിളി നേരിടേണ്ടിവന്നു- അവർ ഓർമിക്കുന്നു. എന്റെ യഥാർത്ഥ അറബി എന്നെ താൽക്കാലിക ജോലിക്കായി മറ്റു പല വീടുകൾക്കും കൈമാറി.’’

പതിനൊന്ന് വീടുകളിൽ പണിയെടുത്തതായും ചിലപ്പോൾ ഇരുട്ടുമുറിയിൽ പൂട്ടിയിട്ടതായും അഞ്ച് മണിക്കൂർ മാത്രമാണ് ഉറങ്ങാൻ അനുവദിച്ചിരുന്നതെന്നും നിസ്സാര കാര്യങ്ങൾക്കുപോലും ഉടമ മർദ്ദിക്കുമായിരുന്നെന്നും അവർ പറയുന്നു. ഒരു വർഷത്തിലേറെ ശമ്പളമില്ലാതെ ജോലി ചെയ്തു. ഇന്ത്യൻ എംബസി അധികൃതരും സൗദി പൊലീസുമായി ചേർന്നു നടത്തിയ നീക്കത്തിനൊടുവിലാണ് കഴിഞ്ഞ മാർച്ചിൽ നാട്ടിലെത്താനായത്.

ഇപ്പോഴും ഒൻപത് മാസത്തെ ശമ്പളം കിട്ടാനുണ്ട്. എന്നാൽ തനിക്ക് അതിൽ ദുഃഖമില്ലെന്നും ജീവനോടെ നാട്ടിലെത്താനായതുതന്നെ ഭാഗ്യമായി കരുതുന്നതായും ഒരുപാട് ശാരീരിക മാനസിക പീഡനത്തിനു വിധേയമായതായും സുശീലാമ്മ ഓർക്കുന്നു. വീട്ടുജോലിക്കാരുടെ ശരാശരി മാസശമ്പളം 280 ഡോളറായി നിശ്ചയിച്ചിട്ടുണ്ടെന്ന് ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ നാഷണൽ ഡൊമസ്റ്റിക് വർക്കേഴ്സ് മൂവ്മെന്റിന്റെ പ്രവർത്തകയായ ജോസഫൈൻ വലർമതി വ്യക്തമാക്കുന്നു.

2015 സെപ്റ്റംബറിൽ ഹോം നേഴ്സായാണ് 45 വയസ്സുള്ള അച്ചാമ്മ

വർഗീസ് കുവൈറ്റിലേക്കു പോയത്. തൊഴിലുടമ തനിക്കു ചികിത്സപോലും നിഷേധിച്ചതായി അവർ പറയുന്നു. അടുത്തുള്ള നഗരത്തിൽ ജോലി ചെയ്തിരുന്ന തന്നെ ഏജന്റ് പറഞ്ഞു വിശ്വസിപ്പിച്ചാണ് കുവൈറ്റിലേക്ക് കൊണ്ടുപോയത്. ഏഴ് മാസത്തെ ജോലിക്കിടെ ആരോഗ്യസ്ഥിതി വഷളാകുകയും പ്രമേഹരോഗബാധിതയാകുകയും ചെയ്തു. എ ന്നാൽ, അച്ചാമ്മയെ ആശുപത്രിയിൽ കൊണ്ടുപോകാൻ ഉടമയായ അറബി തയ്യാറായില്ല.

അവിടെനിന്ന് ഒളിച്ചോടി ഇന്ത്യൻ എംബസിയിൽ അഭയം തേടുകയായിരുന്നെന്ന് അച്ചാമ്മ പറഞ്ഞു. മാർച്ചിൽ ഇന്ത്യയിലേക്ക് തിരിച്ചുവരുന്നതിനു മുൻപുവരെ അവർ കുവൈറ്റിലെ ആശുപത്രിയിലായിരുന്നു. ഇടതു കൈ തളർന്നുപോയ അച്ചാമ്മയുടെ ഭർത്താവിനു ജോലിയൊന്നും ചെയ്യാൻ കഴിയില്ല. സന്ധിവാതം പിടിപെട്ട അദ്ദേഹത്തിന്റെ അവസ്ഥയാണ് അച്ചാമ്മയെ പ്രവാസിയാകാൻ പ്രേരിപ്പിച്ചത്. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും രോഗികളാണ്, ഒരു വരുമാനവുമില്ല- അച്ചാമ്മ വേദനയോടെ വ്യക്തമാക്കുന്നു. ഗൾഫിൽ ജോലിക്കു പോയതിനുശേഷം അപ്രത്യക്ഷയായവരിൽ ഒരാളാണ് ആറ്റിങ്ങൽ സ്വദേശിയായ സിന്ധു സരസ്വതി. 2016 ഒക്ടോബറിലാണ് വീട്ടുജോലിക്കായി സിന്ധു സൗദിയിലേക്കു പോയത്. ജനുവരി 22-ന് സിന്ധു അവസാനമായി വീട്ടിലേക്കു വിളിച്ചു. അതിനുശേഷം ഇതുവരെ ഒരു വിവരവുമില്ല.

പൊലീസിൽ പരാതി നൽകാൻ പോലും കഴിയാതെ മകൾക്കുവേണ്ടി കാത്തിരിക്കുകയാണ് സിന്ധുവിന്റെ അമ്മ 70 വയസ്സുകാരിയായ സരസ്വതി. പരാതി നൽകാൻപോലും അവരുടെ കൈയിൽ ഒരു രേഖയും ഇല്ലെന്നതാണ് യാഥാർത്ഥ്യം. ആകെയുള്ളതാകട്ടെ, മകളുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും ഇന്ത്യൻ തിരിച്ചറിയൽ കാർഡും മാത്രം. അമ്മ അവസാനം ഫോണിൽ സംസാരിക്കുമ്പോൾ അസ്വസ്ഥയായിരുന്നെന്ന് സരസ്വതിയുടെ 23 വയസുള്ള മകൾ സിമിയും ഓർമിക്കുന്നു. അടുത്ത വീടുകളിൽ വീട്ടുജോലി ചെയ്യാണ് താൻ വീട്ടിൽ അരിവാങ്ങുന്നതെന്നും എങ്ങനെ പരാതി നൽകുമെന്നു തനിക്കറിയില്ലെന്നും സരസ്വതി പറയുന്നു.

## നിയമങ്ങൾ അപര്യാപ്തം

വിദേശത്തേക്ക് വീട്ടുജോലിക്കാരെ കൊണ്ടുപോകുന്നതിനുള്ള നിയമങ്ങൾ കൂടുതൽ കടുത്തതും കർക്കശവുമാക്കിയിട്ടുണ്ട്. പക്ഷേ, ഗൾഫ് മേഖലയിലേക്കുള്ള മനുഷ്യക്കടത്തും ചൂഷണവും ഇപ്പോഴും അവസാനിക്കുന്നില്ലെന്നും ജോസഫൈൻ വലർമതി പറയുന്നു. വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്കായി സുരക്ഷിത സംവിധാനമൊരുക്കുന്നതിനായി 2015-ൽ ഇന്ത്യൻ സർ ക്കാർ മൈഗ്രേറ്റ് സംവിധാനം നടപ്പിലാക്കി. ഇതാകട്ടെ, പതിനെട്ട് അറബ് രാജ്യങ്ങളിലേക്കും വടക്കേ ആഫ്രിക്കൻ രാജ്യങ്ങളിലേക്കുമായിരുന്നു.

ഇതിനു പുറമേ ഗൾഫ് രാജ്യങ്ങളുമായി കേന്ദ്രസർക്കാർ സ്ത്രീ വീട്ടുജോലിക്കാരുടേയും നേഴ്സുമാരുടേയും സുരക്ഷ ഉറപ്പാക്കുന്നതിനായി ഉഭയകക്ഷി ധാരണയിലും ഒപ്പിട്ടു. എന്നാൽ ഇതൊന്നും ഈ മേഖലയിലെ ചൂഷണവും നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയാൻ പര്യാപ്തമായിരുന്നില്ല. കൂടുതൽ നിയന്ത്രണങ്ങളും ഇന്ത്യൻ കുടിയേറ്റക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ആവശ്യമാണെന്ന് റഫീക് റാവുത്തർ വ്യക്തമാക്കുന്നു.

തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിലുള്ള കഫാല സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ വീട്ടുജോലിക്കാരെ പരിഗണിക്കുന്നതിൽ ഗൾഫ് രാജ്യങ്ങൾ ഏറെ വിമർശിക്കപ്പെടുന്നുണ്ട്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന വീട്ടുജോലിക്കാരാരും അവരുടെ തൊഴിലുടമയുടെ എഴുതി നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ ജോലി അവസാനിപ്പിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

തന്റെ ക്രൂരനായ തൊഴിലുടമയിൽ നിന്നും രക്ഷപ്പെടുന്നതിന് മാർച്ചിൽ കുവൈറ്റിൽ വച്ച് എത്യോപ്യക്കാരിയായ വീട്ടുജോലിക്കാരി ജനാലവഴി പുറത്തേക്കു ചാടി. തന്റെ ജോലിക്കാരിയെ സഹായിക്കാതെ തൊഴിലുടമ ദുരന്തത്തിന്റെ ദൃശ്യങ്ങൾ മൊബൈലിൽ റെക്കോർഡ് ചെയ്ത വീഡിയോ പിന്നീട് സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. തങ്ങൾക്കെതിരായ അതിക്രമങ്ങൾ തെളിയിക്കുന്നതിനു പലപ്പോഴും വീട്ടുജോലിക്കാരായിട്ടുള്ളവർക്കു കഴിയാറില്ല. വളരെ ചുരുക്കം തൊഴിലുടമകളുടെ പേരിൽ മാത്രമേ ക്രിമിനൽക്കുറ്റം ചുമത്തപ്പെടുന്നുള്ളൂ എന്ന് മനുഷ്യാവകാശ സംഘടനയായ ഹ്യൂമൺ റൈറ്റ്സ് വാച്ച് വ്യക്തമാക്കുന്നു.

ഹ്യൂമൺറൈറ്റ്സ് വാച്ച് നിരവധി സ്ത്രീകളെ അഭിമുഖം നടത്തിയപ്പോൾ, മിക്കവരും പറഞ്ഞത് അവരുടെ പാസ്പോർട്ട് തൊഴിലുടമ പിടിച്ചുവച്ചിരിക്കുന്നു, ശമ്പളം തടഞ്ഞുവച്ചിരിക്കുന്നു, വിശ്രമമോ ആഴ്ചയവധിയോ നൽകാതെ പണിയെടുപ്പിക്കുന്നു, മാനസികവും ശാരീരികവും ലൈംഗികവുമായി ചൂഷണം ചെയ്യുന്നു എന്നെല്ലാമാണ്. ചിലപ്പോൾ ഇത്തരം കാര്യങ്ങൾ നിർബന്ധപൂർവ്വമുള്ള തൊഴിലെടുപ്പിക്കലിലേക്കും മനുഷ്യക്കടത്തിലേക്കുമാണ് എത്തിക്കുന്നത്.

2013-ൽ വീട്ടുജോലിക്കാർക്കായി സൗദി അറേബ്യ ചില നിയമങ്ങൾ കൊണ്ടുവന്നിരുന്നു. 24 മണിക്കൂറിൽ അവസാന ഒൻപത് മണിക്കൂർ വിശ്രമം, ആഴ്ചയിൽ ഒരു ദിവസം അവധി, രണ്ടു വർഷത്തിനിടെ ശമ്പളത്തോടുകൂടിയ അവധി എന്നിവയായിരുന്നു ആ നിബന്ധനകൾ. തൊഴിലുടമയുടെ വീടിന്റെ ഇരുട്ടുമുറികളിലാണ് പണിയെടുക്കുന്നത് എന്നതിനാൽത്തന്നെ വീട്ടുജോലിക്കാരായവരുടെ അവകാശങ്ങൾ പരിശോധിക്കുന്നതിനോ, നടപ്പിലാക്കുന്നതിനോ ആർക്കും കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഗൾഫ് രാജ്യങ്ങളിൽ, മറ്റിടങ്ങളെ അപേക്ഷിച്ചു മനുഷ്യക്കടത്ത് ഏറ്റവും എളുപ്പത്തിൽ സാധ്യമാകുന്നത് യു.എ.ഇയിലാണെന്ന് സെന്റർ ഫോർ ഇന്ത്യൻ മൈഗ്രേഷൻ സ്റ്റഡീസ് വ്യക്തമാക്കുന്നു.

ഇത്തരം സംഭവങ്ങൾ തടയുന്നതിനായി ഇന്ത്യൻ സർക്കാർ കുടിയേറ്റക്കാരെ, പ്രത്യേകിച്ച് സ്ത്രീ



സിന്ധു

വീട്ടുജോലിക്കാരെ ബോധവൽക്കരിക്കുന്നതിനായി നിരവധി പ്രചാരണ പരിപാടികൾ നടത്തിയെങ്കിലും സുരക്ഷിതമായ കുടിയേറ്റം സാധ്യമാകുന്നില്ല. ഔദ്യോഗിക റിക്രൂട്ടിങ്ങ് ഏജൻസികളിലൂടെ മാത്രം ജോലിക്കായി വിദേശത്തേക്കു പോകാനും വിദേശത്ത് എത്തിയാൽ ഇന്ത്യൻ എംബസിയുമായി ഒരു തവണയെങ്കിലും ബന്ധപ്പെടണമെന്നും നിരവധി വീഡിയോകളിലൂടേയും ഔദ്യോഗിക ട്വീറ്റുകളിലൂടേയും കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഉപദേശിക്കുന്നുണ്ട്.

അനധികൃത റിക്രൂട്ടിങ്ങ് സ്ഥാപനങ്ങൾക്കു പിഴ ചുമത്തണമെന്നും കൂടുതൽ നിരീക്ഷണം വേണമെന്നും സംഘടനകളും ആവശ്യപ്പെടുന്നുണ്ട്. അനധികൃത റിക്രൂട്ടിങ്ങിന്റെ പേരിൽ 2016-ൽ 213 കേസുകൾ രജിസ്റ്റർ ചെയ്തതായും ഇവയിൽ 42 എണ്ണം മാത്രമാണ് വിചാരണ നടപടികളിലേക്കു നീങ്ങിയതെന്നും ഇന്ത്യൻ പാർലമെന്റിൽ സമർപ്പിക്കപ്പെട്ട രേഖകൾ പറയുന്നു.

2016-ൽ ഗൾഫ് രാജ്യങ്ങളിലേക്കു പോകാൻ എമിഗ്രേഷൻ ക്ലിയറൻസ് ലഭിച്ചത് 520,960 കുടിയേറ്റത്തൊഴിലാളികൾക്കായിരുന്നു. ഇതാകട്ടെ, മേഖലയിൽ അനൗദ്യോഗികമായി ജോലി ചെയ്യുന്ന വീട്ടുജോലിക്കാരുടെ എണ്ണത്തിന്റെ ഒരംശം മാത്രമാണ്.

ആറ് ഗൾഫ് രാജ്യങ്ങളിലുമായി 2.4 മില്യൺ കുടിയേറ്റക്കാരായ വീട്ടുജോലിക്കാർ ദാസ്യപ്പണി ചെയ്യുന്നുണ്ടെന്ന് ഇന്റർനാഷണൽ ട്രേഡ് യൂണിയൻ കോൺഫെഡറേഷൻ പറയുന്നു. തിക്തമായ അനുഭവങ്ങൾ കാരണം അനൗദ്യോഗിക ഏജന്റുമാരുടെ സഹായത്തോടെ ഗൾഫ് രാജ്യങ്ങളിലേക്കു വീട്ടുജോലിക്കായി വരുന്നില്ലെന്ന് അനുഭവസ്ഥരും വ്യക്തമാക്കുന്നു.

ഇതെല്ലാം സത്യമാണെങ്കിലും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കുമായി വീട്ടുജോലിക്കാരിയായി ഗൾഫിലേക്കു പോകാൻ ഇപ്പോഴും കേരളത്തിൽനിന്നും നൂറുകണക്കിനു സ്ത്രീകളെ ലഭിക്കുമെന്നതാണ് കേരളത്തിലെ സാമൂഹിക യാഥാർത്ഥ്യം. ●

*(ലോക തൊഴിലാളി സംഘടനയും സ്വീഡൻ സർക്കാരും എത്തിക്കൽ ജേർണലിസം നെറ്റ്‌വർക്കും ചേർന്നു നടത്തുന്ന പാനോസ് സൗത്ത് ഏഷ്യാ മീഡിയ ഫെലോഷിപ്പിന്റെ ഭാഗമായി ലേഖകൻ എഴുതിയ ലേഖനം ആണ് ഇത്).*


വായനയുടെ ഹരിതവഴികൾ





മലയാള സിനിമയുടെ കഥ
വിജയകൃഷ്ണൻ
മലയാള സിനിമാചരിത്രത്തെപ്പറ്റിയുള്ള ആധികാരിക ഗവേഷണ ഗ്രന്ഥത്തിന്റെ പരിഷ്കരിച്ച് വിപുലീകരിച്ച പതിപ്പ്





സുന്ദരഗാനങ്ങൾ
അകവും പൊരുളും
എതിരൻ കതിരവൻ
മലയാളത്തിലെ എക്കാലത്തെയും മികച്ച ചലച്ചിത്രഗാനങ്ങളെ സൗന്ദര്യാത്മകമായി സമീപിക്കുന്ന ലേഖനങ്ങളുടെ സമാഹാരം




തിരഞ്ഞെടുത്ത രാജസ്ഥാനി കഥകൾ
എഡി: ഡോ.ആർസു
രാജസ്ഥാനിലെ പതിനെട്ടു പ്രശസ്ത കഥാകൃത്തുക്കളുടെ കഥകൾ മലയാളത്തിൽ

Shop online from **www.tbsbook.com** and avail special offers

പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട് - 673001
POORNA SINCE 1966
Ph: 9656000373 e-mail : tbsbook@gmail.com
കോഴിക്കോട് • കണ്ണൂർ • കൽപ്പറ്റ • തൃശ്ശൂർ • കോട്ടയം • തിരുവനന്തപുരം
എല്ലാതരം ഇംഗ്ലീഷ് മലയാളം പുസ്തകങ്ങളും ലഭിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ പുസ്തകശാലാശൃംഖല